**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 783** **10-06-2021 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ - ചങ്ങനാശ്ശേരി സെമി എലിവേറ്റഡ് റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ - ചങ്ങനാശ്ശേരി സെമി എലിവേറ്റഡ് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ ; | (എ) | ആലപ്പുഴ – ചങ്ങനാശ്ശേരി റോഡ് പ്രവൃത്തി 30/12/2020ന് ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇ.പി.സി മാതൃകയിലാണ് നടപ്പിലാക്കുന്നത്. അതോറിറ്റി എൻജിനീയർ അംഗീകാരം നൽകിയ ഭാഗങ്ങളിൽ പ്രവൃത്തികൾ നടന്നു വരികയാണ്. നിലവിൽ പുരോഗമിച്ചു വരുന്ന പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു. 1. ഓടകളുടെ നിർമ്മാണം 2. പ്രീകാസ്റ്റ് കലുങ്കുകളുടെ നിർമ്മാണം 3. ചെറിയ പാലങ്ങളുടെ പ്രവൃത്തികൾ തുടങ്ങുന്നതിനായി electrical and water utility shifting പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. |
| (ബി) | എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് പ്രസ്തുത പ്രോജക്ടിന് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (ബി) | ആലപ്പുഴ – ചങ്ങനാശ്ശേരി സെമി എലിവേറ്റഡ് റോഡിന്റെ ഭരണാനുമതി 671.66 കോടി രൂപയാണ്. |
| (സി) | പ്രസ്തുത പ്രോജക്ടിന്റെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയെ ആണ് നിർമ്മാണ പ്രവർത്തികൾ ഏല്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (സി) | ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് M/s. ULCCS – EVRASCON (JV) എന്ന കമ്പനിയെയാണ് ഏൽപ്പിച്ചിരിക്കുന്നത്. |
| (ഡി) | പ്രസ്തുത നിർമ്മാണ പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങൾ നടത്തി പ്രവർത്തന പുരോഗതി വിലയിരുത്തിവരുന്നു. |

സെക്ഷൻ ഓഫീസർ